സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 201 2024 നവംബർ 29 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

വർക്കൗട്ടിനിടെ കുഴഞ്ഞുവീണു; ബ്രസീലിയൻ ബോഡി ബിൽഡർക്ക് ഹൃദയാഘാതത്താൽ ദാരുണാന്ത്യം

ബ്രസീൽ: പ്രമുഖ ബ്രസീലിയൻ ബോഡിബിൽഡറും ഫിറ്റനസ് രംഗത്തെ സംരംഭകനുമായ ഹോസെ മറ്റെയസ് കൊറെയ സിൽവ(28) അന്തരിച്ചു. കൂട്ടുകാർക്കൊപ്പം ജിമ്മിൽ വ്യായാമം ചെയ്യുന്നതിനിടെ ഹോസെ കുഴഞ്ഞുവീഴുകയായിരുന്നു. ഹൃദയാഘാതംമൂലമാണ് മരണമെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ.ഈ രംഗത്ത് ഏറെ ആരാധകരുള്ള വ്യക്തിയായിരുന്നു ഹോസെ. സൗത്ത് അമേരിക്കൻ ചാമ്പ്യൻഷിപ്പിൽ ഉൾപ്പെടെ മത്സരിച്ചിട്ടുമുണ്ട്. അഭിഭാഷകനും ന്യൂട്രീഷനിസ്റ്റും കൂടെയായിരുന്ന ഹോസെയുടെ വിയോഗത്തിൽ ഞെട്ടിയിരിക്കുകയാണ് കുടുംബവും ആരാധകരും.മാസങ്ങൾക്കിടെ ബ്രസീലിലുണ്ടാകുന്ന രണ്ടാമത്തെ സംഭവമാണിത്.

കൊടകര കുഴൽപ്പണക്കേസ്; തുടരന്വേഷണത്തിന് ഉത്തരവിട്ട് കോടതി

ഇരിങ്ങാലക്കുട: കൊടകര കള്ളപ്പണക്കേസിൽ തുടരന്വേഷണം നടത്താൻ ഇരിങ്ങാലക്കുട അഡീഷ്ണൽ ജില്ലാ സെഷൻസ് ജഡ്ജ് വിനോദ്കുമാർ ഉത്തരവിട്ടു. കേസിൽ തുടരന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് അന്വേഷണസംഘം കോടതിയെ സമീപിച്ചതിനെത്തുടർന്നാണ് കോടതി ഉത്തരവ്. ബിജെപി ജില്ലാ കമ്മിറ്റി ഓഫീസിലെ മുൻ സെക്രട്ടറി തിരൂർ സതീഷിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് തുടരന്വേഷണത്തിന് അനുമതി തേടി അന്വേഷണ സംഘത്തലവനായ ഡി.വൈ.എസ്.പി വി.കെ രാജു പബ്ലിക്

പ്രോസിക്യൂട്ടർ എൻ.കെ. ഉണ്ണികൃഷ്ണൻ വഴി കോടതിയെ സമീപിച്ചത്. ബി.ജെ.പിയുടെ തിരഞ്ഞെടുപ്പ് ഫണ്ട് ആറ് ചാക്കുകളിലാക്കിയായിരുന്നു കൊണ്ടുവന്നിരുന്നത്. കേസിലെ മുഖ്യസാക്ഷിയായ ധർമരാജനാണ് പണം കൊണ്ടുവന്നത് തുടങ്ങിയ വെളിപ്പെടുത്തലുകളായിരുന്നു വന്നത്.

കൊടകര കള്ളപ്പണക്കേസിൽ പ്രധാന ആരോപണം നേരിടുന്നത് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രനാണ്. പോലീസ് നടത്തിയ അന്വേഷണത്തിൽ സുരേന്ദ്രനെ പ്രതിചേർക്കാതെ മൊഴിയെടുക്കുക മാത്രമായിരുന്നു ചെയ്തത്.

പണം കൊണ്ടുവന്ന ധർമരാജനുമായി സുരേന്ദ്രന് ബന്ധമുണ്ടായിരുന്നുവെന്ന് തിരൂർ സതീഷ് മൊഴി നൽകിയിരുന്നു. തന്നിൽ നിന്നും മതിയായ മൊഴിയെടുക്കലുകൾ അന്വേഷണസംഘം നടത്തിയിട്ടില്ല എന്ന് തിരൂർ സതീഷ് മുമ്പ് മാധ്യമങ്ങളോട് പറഞ്ഞിരുന്നു. തന്റെ വെളിപ്പെടുത്തലുകൾ വന്ന് ആഴ്ചകൾ കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ മെല്ലെപ്പോക്ക് നയമാണ് ഉണ്ടായിരുന്നതെന്ന് തിരൂർ സതീഷ് ആരോപിച്ചിരുന്നു.

സത്യമായിട്ടുള്ള കാര്യങ്ങൾ മാത്രമേ താൻ ചെയ്തിട്ടുള്ളൂവെന്നും മൊഴി രേഖപ്പെടുത്താൻ ഇനി പോലീസ് വന്നാലും തനിക്കറിയാവുന്ന കാര്യങ്ങളെല്ലാം പോലീസിനോടുപറയുമെന്നും ആശങ്കയും പേടിയും ഉണ്ടെങ്കിലും പറഞ്ഞ സത്യത്തിൽ ഉറച്ചുനിൽക്കുന്നുവെന്നും തിരൂർ സതീഷ് പ്രതികരിച്ചു.

എയ്ഡഡ് കോളേജുകൾ പൊതുസ്ഥാപനം, വിവരാകാശ നിയമത്തിന്റെ പരിധിയിൽ വരും' -സുപ്രീംകോടതി

ന്യൂഡൽഹി: സർക്കാർ ഫണ്ട് വാങ്ങുന്ന എയ്ഡഡ് കോളേജുകൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങൾ വിവരവകാശ നിയമത്തിന്റെ പരിധിയിൽ വരുമെന്ന് സുപ്രീംകോടതി. സർക്കാർ ഫണ്ട് സ്വീകരിക്കുന്നതിനാൽ എയ്ഡഡ് കോളേജുകൾ പൊതുസ്ഥാപനം എന്ന നിർവചനത്തിൽ വരുമെന്ന് സുപ്രീംകോടതി വ്യക്തമാക്കി. വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് മറുപടി നൽകാൻ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മടിയെന്താണെന്നും സുപ്രീംകോടതി ആരാഞ്ഞു.

എയ്ഡഡ് കോളേജുകൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമെന്ന കേരള ഹൈക്കോടതി ഉത്തരവ് ചോദ്യം ചെയ്ത് ചെമ്പഴന്തി എസ്.എൻ കോളേജ് നൽകിയ ഹർജി തള്ളിക്കൊണ്ട് ജസ്റ്റിസുമാരായ ജെ.ബി പർഡിവാല, ആർ മഹാദേവൻ എന്നിവരടങ്ങിയ ബെഞ്ചിന്റെതാണ് സുപ്രധാനമായ വിധി. സർക്കാർ വെറും ശമ്പളം മാത്രമാണ് നൽകുന്നതെന്നും, എയ്ഡഡ് കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങളും വസ്തുക്കളും ഉൾപ്പടെ മാനേജ്മെന്റിന്റേതാണെന്നും ആയിരുന്നു എസ്.എൻ കോളേജിന്റെ വാദം. എന്നാൽ ഈ വാദം സുപ്രീം കോടതി അംഗീകരിച്ചില്ല.

ചെമ്പഴന്തി എസ്.എൻ കോളേജ് ഉൾപ്പടെയുള്ള എയ്ഡഡ് കോളേജുകളുടെ പ്രവർത്തനത്തിൽ സർക്കാർ നൽകുന്ന ഫണ്ടിന് വലിയ പങ്കാണുള്ളതെന്ന് കേരളത്തിനുവേണ്ടി ഹാജരായ സ്റ്റാന്റിംഗ് കോൺസൽ ഹർഷദ് വി ഹമീദ് കോടതിയെ അറിയിച്ചു. അതിനാൽ ഈ കോളേജുകൾ പൊതുസ്ഥാപനങ്ങൾ ആണെന്നും അദ്ദേഹം വാദിച്ചു. ഈ വാദം കോടതി അംഗീകരിച്ചു. സുപ്രീം കോടതി ഉത്തരവോടെ സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ഇനി ഇൻഫർമേഷൻ ഓഫീസർമാരെ നിയമിക്കേണ്ടി വരും. അതുപോലെ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് മറുപടി നൽകേണ്ടിയും വരും. എസ്.എൻ കോളേജിന് വേണ്ടി അഭിഭാഷകൻ സന്തോഷ് കൃഷ്ണനാണ് സുപ്രീം കോടതിയിൽ ഹാജരായത്.

ക്ഷേമ പെൻഷൻ വാങ്ങുന്നവർക്ക് ബിഎംഡബ്ല്യു കാറും എ.സി.വീടും; വിജിലൻസ് അന്വേഷണത്തിന് ധനവകുപ്പ്

തിരു: സാമൂഹ്യസുരക്ഷാ പെൻഷനിൽ ക്രമക്കേട് കണ്ടെത്തിയതിന് പിന്നാലെ കൂടുതൽ നടപടികളുമായി ധനവകുപ്പ്. വൻ ക്രമക്കേട് കണ്ടെത്തിയ മലപ്പുറം ജില്ലയിലെ കോട്ടക്കൽ നഗരസഭയിൽ തട്ടിപ്പിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ നിർദേശം നൽകി.

പെൻഷൻ അർഹത സംബന്ധിച്ച് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥർ, വരുമാന സർട്ടിഫിക്കറ്റ് അനുവദിച്ച റവന്യൂ ഉദ്യോഗസ്ഥർ, പെൻഷൻ അനുവദിച്ചു നൽകിയ ഉദ്യോഗസ്ഥർ എന്നിവർക്കെതിരെയാണ് വിജിലൻസ് അന്വേഷണത്തിനും കടുത്ത നടപടിക്കും നിർദേശിച്ചിരിക്കുന്നത്. ഈ കേസുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന തുടർനടപടികൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യാനും ധനവകുപ്പ് നിർദേശിച്ചിട്ടുണ്ട്. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണ പുരോഗതി ഓരോ മാസവും വിലയിരുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

കോട്ടക്കൽ നഗരസഭയിലെ ഏഴാം വാർഡിലെ പെൻഷൻ ഗുണഭോക്താക്കളെ സംബന്ധിച്ച് മലപ്പുറം ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണത്തിന്റെ തുടർച്ചയായാണ് വിജിലൻസ് ആന്റി കറപ്ക്ഷൻ ബ്യൂറോയുടെ അന്വേഷണം. ഏഴാം വാർഡിലെ 42 ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച പരിശോധനയിൽ 38 പേരും അനർഹരാണെന്ന് കണ്ടെത്തിയിരുന്നു. ഒരാൾ മരണപ്പെട്ടു. ബി.എം.ഡബ്ല്യു. കാർ ഉടമകൾ ഉൾപ്പെടെയുള്ളവർ പെൻഷൻ പട്ടികയിൽ ഉണ്ടെന്നാണ് കണ്ടെത്തിയത്. ചില ക്ഷേമ പെൻഷൻ കാരുടെ വീടുകളിൽ എയർ കണ്ടീഷൻ ഉൾപ്പെടെയുള്ള സൗകര്യങ്ങളും ഉണ്ടെന്നാണ് സൂചനകൾ.

ഭാര്യയോ ഭർത്താവോ സർവീസ് പെൻഷൻ പറ്റുന്നവരും ക്ഷേമ പെൻഷൻ വാങ്ങുന്നുണ്ട്. മിക്കവരുടെയും വീട് 2000 ചതുരശ്ര അടിയിലധികം വലുപ്പമുള്ളതാണെന്നും കണ്ടെത്തിയിട്ടുണ്ട്. ഒരു വാർഡിൽ ഇത്തരത്തിൽ കൂട്ടത്തോടെ അനർഹർ പെൻഷൻ പട്ടികയിൽ ഉൾപ്പെട്ടതിനുപിന്നിൽ അഴിമതിയും ഗൂഢാലോചനയും ഉണ്ടായിട്ടുണ്ടാകാമെന്നാണ് ധനവകുപ്പ് പരിശോധനാ വിഭാഗം റിപ്പോർട്ട് ചെയ്തത്.

കോട്ടയ്ക്കൽ നഗരസഭയിലെ മുഴുവൻ സാമൂഹ്യസുരക്ഷാ ഗുണഭോക്താക്കളുടെയും അർഹത സംബന്ധിച്ച പരിശോധന നടത്താനും തീരുമാനിച്ചു. ഇതുസംബന്ധിച്ച് നഗരസഭയ്ക്ക് നിർദേശം നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടു ഇത്തരം പരിശോധന സംസ്ഥാനത്താകെ വ്യാപിപ്പിക്കും.

അനർഹരായ മുഴുവൻ പേരെയും പട്ടികയിൽനിന്ന് ഒഴിവാക്കുകയാണ് ലക്ഷ്യമെന്ന് ധനവകുപ്പ് വൃത്തങ്ങൾ സൂചിപ്പിച്ചു. ബാങ്ക് അക്കൗണ്ട് വഴി ക്ഷേമപെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ വിലയിരുത്തൽ നടത്താൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകും.

മഞ്ഞുമ്മൽ ബോയ്സ്: ലഭിച്ചത് 140 കോടി, 40 കോടി നികുതി വെട്ടിപ്പെന്ന് ഐടി വകുപ്പ്; റെയ്ഡ് തുടരുന്നു

കൊച്ചി: നടൻ സൗബിൻ ഷാഹിറിന്റെ പറവ ഫിലിംസ് നാൽപ്പത് കോടിയുടെ നികുതി വെട്ടിച്ചെന്ന് ആദായനികുതി വകുപ്പിന്റെ പ്രാഥമിക കണ്ടെത്തൽ. മഞ്ഞുമ്മൽ ബോയ്സ് സിനിമയുടെ വരുമാനത്തിലാണ് ഈ നികുതി വെട്ടിച്ചത്. കേരളത്തിനകത്തും പുറത്തുമുള്ള സിനിമയിൽ നിന്നുള്ള വരുമാനം 140 കോടിയാണ്. വരവ് ചെലവ് കണക്കുകളിലും പൊരുത്തക്കേടുകൾ കണ്ടെത്തിയതായും ഐ.ടി വൃത്തങ്ങൾ വ്യക്തമാക്കുന്നു.

കേരളത്തിൽ ഏറ്റവും കൂടുതൽ കളക്ഷൻ കിട്ടിയ സിനിമയാണ് മഞ്ഞുമ്മൽ ബോയ്സ് എന്നാണ് ആദായനികുതി വകുപ്പിന്റെ പരിശോധനകളിൽ വ്യക്തമാവുന്നത്. സിനിമയിലൂടെ നിർമ്മാതാക്കൾക്ക് കിട്ടിയത് 140 കോടി രൂപയാണ്. അതിൽ നാൽപ്പത് കോടി രൂപയുടെ വരുമാനം മറച്ചുവെച്ചുവെന്നാണ് ആദായനികുതി വകുപ്പിന്റെ കണ്ടെത്തൽ. കൂടാതെ ആദായനികുതി റിട്ടേൺ കാണിക്കുന്നതിൽ വീഴ്ചവരുത്തിയെന്നും കണ്ടെത്തിയിട്ടുണ്ട്.

സൗബിനെ നേരിട്ട് വിളിപ്പിച്ച് ഇതിൽ വിശദീകരണം തേടും. പറവ ഫിലിംസിൽ ആദായനികുതി വകുപ്പ് നടത്തുന്ന റെയ്ഡ് ഇന്നും തുടരുകയാണ്. ഏഴ് കേന്ദ്രങ്ങളിലാണ് പരിശോധനകൾ നടന്നത്.

സിനിമാ മേഖലയിൽ കള്ളപ്പണമിടപാട് നടക്കുന്നുവെന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് നേരത്തേ പരാതി ലഭിച്ചിരുന്നു. തുടർന്ന് സിനിമാ നിർമാണ കമ്പനികളെ കേന്ദ്രീകരിച്ച് ഇഡി അന്വേഷണം നടത്തി വരികയായിരുന്നു. ഈ ഘട്ടത്തിലാണ് മഞ്ഞുമ്മൽ ബോയ്സ് എന്ന സൂപ്പർ ഹിറ്റ് സിനിമയുടെ നിർമാതാക്കളായ സൗബിനെതിരേയടക്കം ആലപ്പുഴ അരൂർ സ്വദേശി സിറാജ് വലിയ വീട്ടിൽ പരാതി നൽകുന്നത്.

ചിത്രത്തിന്റെ നിർമാതാക്കളായ പറവ ഫിലിംസുമായി ബന്ധപ്പെട്ടവർ ലാഭവിഹിതമോ മുടക്കുമുതലോ നൽകാതെ ചതിച്ചെന്നായിരുന്നു അദ്ദേഹത്തിന്റെ ആരോപണം. തുടർന്നുള്ള അന്വേഷണത്തിൽ ഗുരുതരമായ സാമ്പത്തിക തട്ടിപ്പ് നടത്തിയെന്നായിരുന്നു പോലീസ് കണ്ടെത്തിയത്. ഈ റിപ്പോർട്ട് പോലീസ് ഹൈക്കോടതിയിൽ സമർപ്പിച്ചു. പോലീസ് റിപ്പോർട്ടിന്റെ പശ്ചാത്തലാണ് ആദായനികുതി വകുപ്പിന്റെ ഇടപെടൽ.

എ.കെ.ജി സെന്ററിൽ സരിന് വൻ സ്വീകരണം; ചുവപ്പ് ഷാൾ അണിയിച്ച് എം.വി ഗോവിന്ദൻ

തിരു: പി. സരിൻ എ.കെ.ജി സെന്ററിലെത്തി സിപിഎം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനെ കണ്ടു. ചുവപ്പ് ഷാൾ അണിയിച്ചാണ് എം.വി ഗോവിന്ദൻ സരിനെ സ്വീകരിച്ചത്. മന്ത്രി സജി ചെറിയാൻ, എം.കെ ബാലൻ തുടങ്ങിയവരും സരിനെ സ്വീകരിക്കാൻ എം.കെ.ജി സെന്ററിലെത്തിയിരുന്നു.

'ഡോ.പി സരിൻ ആദ്യമായിട്ട് എ.കെ.ജി സെന്ററിൽ എത്തിച്ചേരുകയാണ്. അദ്ദേഹത്തെ ഞങ്ങളെല്ലാം ആവേശത്തോടുകൂടി സ്വീകരിക്കുന്ന സമയമാണിത്. ഭാവിയിലെ രാഷ്ട്രീയ പ്രവർത്തനം സംബന്ധിച്ച് പാർട്ടിയും സരിനുമായിട്ടാലോചിച്ച് ആവശ്യമായ സംഘടനാപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ തീരുമാനിക്കും. പാർട്ടിയുമായിട്ട് സഹകരിച്ച് പ്രവർത്തിക്കുക എന്നതാണ് സ്വഭാവികമായിട്ടും ആദ്യം സാധിക്കുക.

പിന്നീടാണ് സംഘടനാ മെമ്പർഷിപ്പിലേക്കും പാർട്ടി മെമ്പർഷിപ്പിലേക്കുമൊക്കെ പൂർണമായും എത്താൻ സാധിക്കുക. മറ്റ് കാര്യങ്ങൾ സരിനുമായി ആലോചിച്ച് പാർട്ടി തീരുമാനിക്കും.' –എം.വി ഗോവിന്ദൻ പറഞ്ഞു.

പാർട്ടി സ്വതന്ത്രൻ പാർട്ടിയിലായില്ലേ എന്ന ചോദ്യത്തിന് പാർട്ടി സ്വതന്ത്രൻ പാർട്ടിയുമായി സഹകരിച്ചു മുന്നോട്ടു പോകും എന്നായിരുന്നു എം.വി ഗോവിന്ദന്റെ മറുപടി.

ഉറങ്ങിക്കിടന്നവർക്ക് നേര ലോറി പാഞ്ഞ് കയറി വീണ്ടും അപകടം, സ്ത്രീ മരിച്ചു; സംഭവം പാലക്കാട്

പാലക്കാട്: ചിറ്റൂർ ആലംകടവ് പാലത്തിനു സമീപം കോഴി കയറ്റി വന്ന ലോറി ബസ് കാത്തിരിപ്പ് കേന്ദ്രത്തിലേക്ക് മറിഞ്ഞ് സ്ത്രീ മരിച്ചു. ബസ് കാത്തിരിപ്പ് കേന്ദ്രത്തിൽ ഉറങ്ങുകയായിരുന്ന നാടോടി സ്ത്രീ പാർവതി (30) ആണ് മരിച്ചത്. മൈസൂർ ഹൻസൂർ ബി.ആർ വില്ലേജ് സ്വദേശിയാണ്.

പുലർച്ചെ മൂന്ന് മണിയോടെയായിരുന്നു അപകടം. തമിഴ്നാട് രജിസ്ട്രേഷൻ (TN 99.Z 1208) ലോറിയാണ് അപകടത്തിൽപ്പെട്ടത്.പാർവതിയുടെ ശരീരത്തിലൂടെ ലോറി കയറിയിറങ്ങുകയായിരുന്നു. ക്രെയിൻ ഉപയോഗിച്ച് ലോറി ഉയർത്തിയാണ് പാർവതിയെ പുറത്തെടുത്തത്.

ഇവർക്ക് ഒപ്പമുണ്ടായിരുന്ന കൃഷ്ണൻ (70), ഭാര്യ സാവിത്രി (45), മകൻ വിനോദ് (25) എന്നിവർക്ക് പരിക്കേറ്റു. സാവിത്രിയുടെ ചേച്ചിയുടെ മകളാണ് പാർവതി. ലോറി ഡ്രൈവറെ പോലീസ് കസ്റ്റഡിയിലെടുത്തു. മൃതദേഹം ആശുപത്രിയിലേക്ക് മാറ്റി. പ്രദേശത്ത് പോലീസെത്തി അന്വേഷണം ആരംഭിച്ചു.

കരുനാഗപ്പള്ളി സിപിഎമ്മിൽ കലാപം, പ്ലക്കാർഡുകളേന്തി വിമതരുടെ പ്രതിഷേധ പ്രകടനം

കരുനാഗപ്പള്ളി: സിപിഎം കുലശേഖരപുരം ലോക്കൽ സമ്മേളനത്തിലെ സംഘർഷത്തിന് പിന്നാലെ കരുനാഗപ്പള്ളിയിൽ സിപിഎം വിമതരുടെ പ്രതിഷേധ പ്രകടനം. തൊടിയൂർ, ആലപ്പാട്, കുലശേഖരപുരം സൗത്ത് ഉൾപ്പടെ അഞ്ച് ലോക്കൽ കമ്മറ്റിയിൽ നിന്നുള്ള പ്രവർത്തകരാണ് പ്രതിഷേധവുമായി രംഗത്തെത്തിയത്. സമ്മേളനത്തിൽ പുതിയ നേതൃ പാനൽ അവതരിപ്പിച്ചതിലെ എതിർപ്പാണ് പ്രതിഷേധത്തിനിടയാക്കിയത്.

പി.ഉണ്ണി മാറിയപ്പോൾ എച്ച് എ സലാം സെക്രട്ടറിയായത് ഗോവന്ദച്ചാമിക്ക് പകരം അമീറുൽ ഇസ്ലാം വന്നതിന് സമമാണെന്ന പ്ലക്കാർഡുകളുമേന്തിയാണ് പ്രവർത്തകർ നിരത്തിൽ ഇറങ്ങിയത്. സിപിഎം ജില്ലാ കമ്മറ്റി അംഗമായ പി ആർ വസന്തിനെതിരെയും പ്ലക്കാർഡുകളുണ്ട്. അഴിമതിക്കാരായവരെ പാർട്ടിയുടെ നേതൃത്വത്തിൽ നിന്ന് മാറ്റണമെന്ന ആവശ്യമുയർത്തിയാണ് പ്രതിഷേധം. കരുനാഗപ്പള്ളിയിലെ പാർട്ടിയിൽ ഒന്നാകെ അഴിമതിയുടെ കൂത്തരങ്ങായി മാറിയിട്ടുണ്ടെന്നും പണവും സമ്പത്തും ബാറുമെല്ലാമുള്ളവരാണ് കരുനാഗപ്പള്ളിയിൽ പാർട്ടിയെ നിയന്ത്രിക്കുന്നതെന്നും ഇത് പാവങ്ങളുടെ പ്രസ്ഥാനമാണെന്നും പ്രവർത്തകർ പറയുന്നു.

പുതിയ നേതൃനിരയിലുള്ളവർക്കെതിരെ നിരവധി പരാതികൾ നേതൃത്വത്തിന് നൽകിയിരുന്നുവെങ്കിലും അത് ചെവികൊണ്ടില്ലെന്നും ഏകപക്ഷീയ തീരുമാനമാണുണ്ടായതെന്നും പ്രതിഷേധക്കാർ ആരോപിക്കുന്നു. പ്ലക്കാർഡുകളുമായെത്തിയ പ്രവർത്തകരെ കരുനാഗപ്പള്ളി സിപിഎം ഏരിയാ കമ്മറ്റി ഓഫീസിന് മുന്നിൽ പോലീസ് തടഞ്ഞു.

കെ എ സി എ മെമ്പേഴ്സ് ഡയറക്ടറി ജസ്റ്റിസ് സോഫി തോമസ് പ്രകാശനം ചെയ്യും

തൃശൂർ: കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ തൃശൂർ യൂണിറ്റിന്റെ മെമ്പേഴ്സ് ഡയറക്ടറിയുടെ പ്രകാശനം നാളെ വൈകീട്ട് 3.30ന് തൃശൂർ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ ഹാളിൽ വെച്ച് കേരള ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് സോഫി തോമസ് നിർവ്വഹിക്കും. തൃശൂർ അഡീഷ്ണൽ ജില്ലാ ജഡ്ജ് കെ ഇ സാലിഹ്, തൃശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് രമ്യ മേനോൻ തുടങ്ങിയവർ മുഖ്യാതിഥികളായിരിക്കും.

പിന്മാറ്റം വീണ്ടും: വാങ്ങൽ അവസാനിപ്പിച്ച് വിദേശികൾ

മുംബൈ: കഴിഞ്ഞ മൂന്ന് ദിവസത്തെ വ്യാപാരത്തിനിടെ തിരിച്ചുവരവിന്റെ സൂചന നൽകിയ വിദേശ നിക്ഷേപകർ വ്യാഴാഴ്ച നിലപാട് മാറ്റി. 11,756 കോടി രൂപ മൂല്യമുള്ള ഓഹരികളാണ് ഒരൊറ്റ ദിവസംകൊണ്ട് വിറ്റൊഴിഞ്ഞത്. മൂന്നു ദിവസത്തെ മൊത്തം നിക്ഷേപമായ 11,112 കോടിയെ ഇത് മറികടക്കുകയും ചെയ്തു.

വ്യാഴാഴ്ചത്തെ വില്പന വിപണിയെ കാര്യമായി ബാധിച്ചു. പ്രധാന സൂചികകളായ സെൻസെക്സും നിഫ്റ്റിയും 1.5 ശതമാനം ഇടിവ് നേരിട്ടു. അതേസമയം, വെള്ളിയാഴ്ചത്തെ വ്യാപാരത്തിനിടെ സൂചികകൾ നഷ്ടം പകുതിയോളം തിരികെ പിടിക്കുകയും ചെയ്തു.

വിദേശ നിക്ഷേപകരിൽനിന്നുള്ള വില്പന സമ്മർദം തുടരുമെന്നതിന്റെ സൂചനയാണ് വിപണിയിൽനിന്ന് ലഭിക്കുന്നത്. ഈ മാസം ഇതുവരെ രാജ്യത്തെ ഓഹരി വിപണിയിൽ നിന്ന് 41,355 കോടി രൂപയാണ് പിൻവലിച്ചത്. കഴിഞ്ഞ ഒക്ടോബറിലാകട്ടെ വിറ്റൊഴിഞ്ഞത് 1.14 ലക്ഷം കോടി മൂല്യമുള്ള ഓഹരികളായിരുന്നു.അതേസമയം, ആഭ്യന്തര വൻകിട നിക്ഷേപകരിൽനിന്നുള്ള പിന്തുണ തുടരുകയാണ്. വ്യാഴാഴ്ച മാത്രം 8,718 കോടി രൂപയുടെ ഓഹരികളാണ് അവർ വാങ്ങിക്കൂട്ടിയത്. ഇതോടെ നവംബറിലെ മൊത്തം നിക്ഷേപം 38,760 കോടി രൂപയുടേതായി.

'ഹേമ കമ്മിറ്റിക്ക് മൊഴി നൽകിയത് അക്കാദമിക താത്പര്യം കൊണ്ട്, കേസ് വേണ്ട'; അന്വേഷണത്തിനെതിരെ നടി

ന്യൂഡൽഹി : ഹേമ കമ്മിറ്റിക്ക് നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ പ്രത്യേക അന്വേഷണ സംഘം നടത്തുന്ന അന്വേഷണത്തിന് എതിരെ മൊഴി നൽകിയ നടി സുപ്രീം കോടതിയിൽ. ഹേമ കമ്മിറ്റിക്ക് മുമ്പാകെ ഹാജരായി മൊഴി നൽകിയത് അക്കാദമിക താത്പര്യം കാരണമാണെന്നും കേസുമായി മുന്നോട്ട് പോകാൻ താത്പര്യം ഇല്ലെന്നും സുപ്രീം കോടതിയിൽ ഫയൽ ചെയ്ത ഹർജിയിൽ നടി വ്യക്തമാക്കി.

ഹേമ കമ്മിറ്റിക്ക് ലഭിച്ച മൊഴികളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താനുള്ള കേരള ഹൈക്കോടതി ഉത്തരവിനെതിരെയാണ് നടി സുപ്രീംകോടതിയെ സമീപിച്ചത്. താൻ ഹേമ കമ്മറ്റിയോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക അന്വേഷണ സംഘം സ്വീകരിക്കുന്ന തുടർനടപടികൾ ഉടൻ സ്റ്റേ ചെയ്യണമെന്ന് ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കേസുമായി മുന്നോട്ട് പോകാൻ താൽപര്യമില്ലെന്ന് അന്വേഷണ സംഘത്തെ അറിയിച്ചിരുന്നു. എന്നിട്ടും തന്റെ മൊഴിയുമായി നേരിട്ട് ബന്ധമില്ലാത്ത ആളുകളെ പോലും പൊലീസ് ചോദ്യം ചെയ്യലിന്റെ പേരിൽ വിളിച്ചു വരുത്തുന്നു എന്നും സുപ്രീം കോടതിയിൽ ഫയൽ ചെയ്ത ഹർജിയിൽ ആരോപിച്ചിട്ടുണ്ട്.

സർക്കാരിന് റിപ്പോർട്ട് നൽകുന്നതിന് വേണ്ടി മാത്രമാണ് താൻ ഹേമ കമ്മിറ്റിക്ക് മൊഴി നൽകിയത്. അല്ലാതെ ക്രിമിനൽ കേസിന് വേണ്ടി അല്ലെന്നും ഹർജിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അഭിഭാഷകൻ ആബിദ് അലി ബീരാൻ ആണ് നടിയുടെ ഹർജി സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരിക്കുന്നത്. ഹൈക്കോടതി വിധിക്കെതിരെ സിനിമാ മേഖലയിലെ ഒരു മേക്കപ്പ് ആർട്ടിസ്റ്റ് നൽകിയ ഹർജിയും സുപ്രീം കോടതിയിൽ ഫയൽ ചെയ്തത് ആബിദ് അലി ബീരാൻ ആണ്.

ഹേമ കമ്മിറ്റിക്ക് നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ കേസുമായി മുന്നോട്ട് പോകാൻ ഇരകൾക്ക് താത്പര്യം ഇല്ലെങ്കിലും കുറ്റവാളികളെ വെറുതെ വിടാൻ ആകില്ലെന്ന് വ്യക്തമാക്കി സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിയിരുന്നു. ഹേമ കമ്മിറ്റിക്ക് ലഭിച്ച മൊഴികളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത 18 കേസുകളിൽ പ്രതികളെ കണ്ടെത്താൻ അന്വേഷണം നടക്കുന്നുവെന്ന് സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ അറിയിച്ചിരിക്കുന്നത്. മറ്റ് എട്ടു കേസുകളിലെ പ്രതികളുടെ പേര് എഫ്ഐആറിൽ ഉൾപെടുത്തിയിട്ടുണ്ട് എന്നും സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ അറിയിച്ചു. ഹേമ കമ്മിറ്റിക്ക് ലഭിച്ച മൊഴികളുടെ അടിസ്ഥാനത്തിൽ നാൽപത് സംഭവങ്ങളെ കുറിച്ച് അന്വേഷണം നടത്തുവാൻ ആണ് പ്രത്യേക അന്വേഷണ സംഘം തീരുമാനിച്ചത്.

കോടതി പരസ്യം

ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 2426/2021

Times Biotech Rep. by its Managing Partner N. Parameswaran

–അന്യായം

Unison Biomed Pvt. Ltd., 152, Hanuman Chambers, 1st Floor, 2nd Main 7th Cross

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

മെഗാ എയ്റോബിക്സ് പെർഫോമൻസുമായി ഏഷ്യൻ റെക്കോർഡ് സ്വന്തമാക്കി സെന്റ് ജോസഫ്സ് കോളജ്

ഇരിങ്ങാലക്കുട: ഇളം നിറത്തിലുള്ള വസ്ത്രങ്ങളണിഞ്ഞ് മൂവായിരത്തോളം പെൺകുട്ടികൾ പാട്ടിനൊപ്പം ഒരേപോലെ ചുവടു വയ്ക്കുന്നു. പഠിച്ച കലാലയത്തിൽ വിദ്യാഭ്യാസ മന്ത്രിയും കുട്ടികൾക്കൊപ്പം ചേരുന്നു. അധ്യാപകരും അനധ്യാപകരും പ്രിൻസിപ്പലും മാനേജരും അവർക്കൊപ്പം അതേ ചുവടുകളുമായി കൂടെയുണ്ട്. ഒരു പെൺ കലാലയം മുഴുവൻ നൃത്ത മയം. ഉദ്ഘാടന വേളയിൽ പറത്തിവിട്ട വർണ നിറമുള്ള ഹൈഡ്രജൻ ബലൂണുകൾക്കു പോലും കാറ്റിലൊരു ലാസ്യനൃത്ത ഭാവം. ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജിന്റെ ആരോഗ്യ സംരക്ഷണ സംരംഭമായ ഫിറ്റ് 4 ലൈഫിന്റെ ഉദ്ഘാടനച്ചടങ്ങിലാണ് നൃത്ത ചാരുത നിറച്ച് എയ്റോബിക്സ് മെഗാ പെർഫോമൻസ് ഒരുങ്ങിയത്. ഈ വേറിട്ട ദൃശ്യവിരുന്നിന്റെ പേരിൽ ഡഞഎ ഏഷ്യൻ റെക്കോർഡ് കോളജ് സ്വന്തമാക്കുകയും ചെയ്തു.

വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രാദേശിക സമൂഹത്തിനും സമഗ്രമായ ആരോഗ്യവും ക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള ഫിറ്റ് 4 ലൈഫിന്റെ ഔദ്യോഗിക ഉദ്ഘാടനം ഉന്നതവിദ്യാഭ്യാസ സാമൂഹിക വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവഹിച്ചു. ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യത്തിലൂന്നി കൊണ്ട് ഒരു നൂതനാശയത്തിലൂടെ ചരിത്ര മുഹൂർത്തം സൃഷ്ടിക്കാൻ ഒരു കലാലയം മുഴുവൻ ഒന്നു ചേരുന്നതിലുള്ള സന്തോഷം മന്ത്രി എടുത്തു പറഞ്ഞു.

ചടങ്ങിൽ ഇരിങ്ങാലക്കുട ശുചിത്വ കർമസേനയിലെ അംഗങ്ങളെ പൊന്നാടയണിയിച്ച് ആദരിച്ചു. കോളജ് മാനേജർ സിസ്റ്റർ ട്രീസ ജോസ് അധ്യക്ഷയായ ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. സി. ബ്ലെസി സ്വാഗതം പറഞ്ഞു. ഫിറ്റ് ഫോർ ലൈഫ് കോർഡിനേറ്റർ ഡോ. സ്റ്റാലിൻ റാഫേൽ ആമുഖഭാഷണം നടത്തി. എസ്ബിഐ തൃശൂർ റീജിയണൽ ഓഫീസർ ആർ രഞ്ജിനി, പിടിഎ വൈസ് പ്രസിഡണ്ട് പി. എൻ ഗോപകുമാർ, വാർഡ് കൗൺസിലർ ഫെനി എബിൻ വെള്ളാനിക്കാരൻ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. കോളജ് ചെയർപേഴ്സൺ ഗായത്രി മനോജ് നന്ദി പറഞ്ഞു. കോളജ് ഒരുക്കിയ എയ്റോബിക്സ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ഗണിതശാസ്ത്ര ഡിപ്പാർട്ട്മെന്റിനും രണ്ടാം സ്ഥാനം നേടിയ സെൽഫ് ഫിനാംസിങ്ങ് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിനും, മൂന്നാം സ്ഥാനം നേടിയ ബിബിഎ ഡിപ്പാർട്ട്മെന്റിനും ചടങ്ങിൽ ക്യാഷ് പ്രൈസ് സമ്മാനിച്ചു. വിവിധ തരം ചാലഞ്ച് ഗെയിമുകൾ, ഫൂഡ് ഫെസ്റ്റ്, ഇലയിൽ ഊണ്, മത്സരങ്ങൾ തുടങ്ങി അനുബന്ധ പരിപാടികളും കോളജിൽ ഒരുക്കിയിരുന്നു.

ഒക്ടോബർ 2024 മുതൽ ജനുവരി 2025 വരെ നീണ്ടുനിൽക്കുന്ന വിവിധ പരിപാടികളാണ് ഫിറ്റ് 4 ലൈഫ് വിഭാവനം ചെയ്യുന്നത്. ആരോഗ്യ സംബന്ധമായ വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, ഫിറ്റ്നസ് പ്രോഗ്രാമുകൾ, ഫിറ്റ്നസ് ചലഞ്ച് ഗെയിമുകൾ, മെഡിക്കൽ ചെക്കപ്പുകൾ, ഫിറ്റ്നസ് ഡാൻസ് പ്രോഗ്രാമുകൾ, മത്സരങ്ങൾ, ബോധവൽക്കരണ പരിപാടികൾ തുടങ്ങി നിരവധി ആരോഗ്യ കേന്ദ്രീകൃത പ്രവർത്തനങ്ങളിലൂടെ ശാരീരിക ക്ഷമത, മാനസിക ക്ഷേമം, സന്തുലിത ജീവിതശൈലി എന്നിവയുടെ പ്രാധാന്യം സമൂഹത്തെ ബോധ്യപ്പെടുത്തുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ആരോഗ്യ വിദ്യാഭ്യാസത്തെ ദൈനംദിന ജീവിതത്തിലേക്ക് സമന്വയിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, ശാക്തീകരിക്കപ്പെട്ട, ആരോഗ്യമുള്ള, സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരെ പരിപോഷിപ്പിക്കുക എന്ന കോളേജിന്റെ ദൗത്യവുമായി ഒത്തുചേർന്ന് വ്യക്തിപരവും കൂട്ടായതുമായ വളർച്ചയെ പരിപോഷിപ്പിക്കുന്ന ഒരു ആരോഗ്യ സംസ്കാരം സൃഷ്ടിക്കാനാണ് ഈ സംരംഭത്തിലൂടെ ഉദ്യമിക്കുന്നത്.

ഇതിന്റെ ഭാഗമായി മുപ്പതിൽ പരം ആരോഗ്യപരിപാടികളാണ് കോളേജിലും മറ്റ് സ്ഥലങ്ങളിലുമായി സംഘടിപ്പിക്കുന്നത്. ഒക്ടോബർ മുതൽ ആരംഭിച്ച പരിപാടികൾ ജനുവരി അവസാനം വരെ നീളും.

കുടുംബശ്രീ ബഡ്സ് ജില്ലാ കലോത്സവം 'തില്ലാന' നാളെ ആരംഭിക്കും

തൃശ്ശൂർ: കുടുംബശ്രീ ജില്ലാ മിഷനും തദ്ദേശസ്ഥാപനങ്ങളുമായി സംയോജി ച്ച് നടത്തുന്ന 'തില്ലാന' ബഡ്സ് ജില്ലാതല കലോത്സവത്തിന് നാളെ തുടക്കമാകും. ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനവും റവന്യൂഭവനനിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ സമാപന സമ്മേളനം ഉദ്ഘാടനവും സമ്മാനദാനവും നിർവഹിക്കും.

അഞ്ചു വേദികളിലായി നടക്കുന്ന കലോത്സവത്തിൽ ഇരുപത് ബഡ്സ് സ്കൂളുകളിൽ നിന്നായി നൂറ്റിയമ്പതിൽ പരം കലാപ്രതിഭകളാണ് പരിപാടിയിൽ വ്യത്യസ്ത കലാപരിപാടികൾ അവതരിപ്പിക്കുന്നത്. തൃശ്ശൂർ ടൗൺ ഹാൾ, ഫൈൻ ആർട്സ് കോളജ്, ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ എന്നീ വേദികളിലാണ് കലോത്സവം അരങ്ങേറുന്നത്. തൃശ്ശൂർ കോർപ്പറേഷൻ മേയർ എം കെ വർഗീസ്, എംഎൽഎ പി ബാലചന്ദ്രൻ , ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി എസ് പ്രിൻസ്, ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ഐഎഎസ്, കുടുംബശ്രീ ഗവേണിംഗ് ബോഡി മെമ്പർ ആർ കെ ജോജോ , വിവിധ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർ പരിപാടിയിൽ പങ്കെടുക്കും.

ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികളുടെ മാനസികമായ ഉന്മേഷത്തിനും അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുവാനും ഒരു വേദി ഒരുക്കുക എന്ന ഉദ്ദേശത്തോടെയാണ് കുടുംബശ്രീ ബഡ്സ് കലോത്സവം സംഘടിപ്പിച്ചു വരുന്നത്. ഈ വർഷം 'തില്ലാന' എന്ന പേരിൽ ജില്ലയിലെ എല്ലാ ബഡ്സ് സ്കൂളിലെയും കുട്ടികളെയും അധ്യാപകരെയും ഉൾപ്പെടുത്തി കൊണ്ടാണ് പരിപാടി അരങ്ങേറുന്നത്. കലോത്സവത്തിനോട് അനുബന്ധിച്ച് ബഡ്സ് കുട്ടികളുടെ വ്യത്യസ്ത ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും പ്രധാന വേദിയിൽ ഉണ്ടായിരിക്കും.

നിര്യാതയായി

മറിയാമ്മ ജോസ്

ഇരിങ്ങാലക്കുട : പാവറട്ടി തരകൻ ജോസ് ഭാര്യ മറിയാമ്മ (72) നിര്യാതയായി. പാവറട്ടി സി കെ സി ജി എച്ച് സ്കൂൾ അദ്ധ്യാപികയായിരുന്നു. ഇരിങ്ങാലക്കുട അവറാൻ കുടുംബാംഗമാണ്. സംസ്കാരം ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രൽ പള്ളി സെമിത്തേരിയിൽ നടന്നു. ഭർത്താവ് : ടി ജെ ജോസ് (റിട്ട ബി എസ് എൻ എൽ) മക്കൾ : റെജിൻ (അദ്ധ്യാപിക, ബി വി എം എച്ച് എസ് സ്കൂൾ കൽപ്പറമ്പ്), ഷെറിൻ (അദ്ധ്യാപിക, സെന്റ് ജോസഫ്സ് കോളേജ് ഇരിങ്ങാലക്കുട), ഫെമിൻ (അദ്ധ്യാപിക, മാള സോക്കോർസൊ സ്കൂൾ). മരുമക്കൾ : ഷാജൻ, ഷിജോ, പരേതനായ ജിനോ

വാർത്താച്ചുരുക്കം

* സൂര്യകാന്തി ഫെസ്റ്റിവൽ 28 മുതൽ ഡിസംബർ ഒന്നുവരെ സാഹിത്യ നാടക അക്കാദമി തിയ്യേറ്ററിൽ നടക്കും. പ്രശസ്ത നർത്തകികൾ പങ്കെടുക്കും..
* തൃശൂർ കൾച്ചറൽ ക്യാപിറ്റിൽ മാരത്തോൺ അടുത്തവർഷം ഫെബ്രുവരി 14ന് നടക്കും. എൻഡ്യൂറൻസ് അത്ലറ്റിക്സ് ഓഫ് തൃശൂരാണ് സംഘാടകർ.
* സഹസ്ര കൾച്ചറൽ ട്രസ്റ്റ് സംഘടിപ്പിച്ച കേരള കഥക് മഹോത്സവം സാഹിത്യ നാടക അക്കാദമി തിയ്യറ്റിൽ വിപുലമായി നടന്നു.
* ചൂണ്ടൽ, പഴുനാന, പാലത്തിങ്കൽ ചാത്തുണ്ണി മാസ്റ്റർ ചാരിറ്റിബിൾ ട്രസ്റ്റിന്റെ അരുവി റിഹാബിലിറ്റേഷൻ സെന്ററിന്റെ ക്രിസ്റ്റൽ ജൂബിലിയും ഫാ.വർഗ്ഗീസ് പാലത്തിങ്കലിന്റെ സപ്തതി ആഘോഷം-മന്ദിരം ഉദ്ഘാടനം 29ന് നടക്കും. അരുവി പുനരാധിവാസ കേന്ദ്രത്തിൽ നടക്കുന്ന ചടങ്ങിൽ ഗവർണർ ആരീഫ് മുഹമ്മദ് ഖാൻ പങ്കെടുക്കും.
* തൃശൂർ മാർത്ത് മറിയം വലിയപള്ളി മെൻസ് അസോസിയേഷനും ശാന്തിഭവൻ പാലിയേറ്റീവ് ആശുപത്രിയും സംയുക്തമായി പള്ളിയങ്കണത്തിൽ സൗജന്യ മെഡിക്കൽ കാരണവൻ ക്യാമ്പ് നടത്തി.
* പൈതൃകം ഗുരുവായൂർ ഏർപ്പെടുത്തിയ കർമ്മശ്രേഷ്ഠ പുരസ്കാരത്തിന് സംഗീതജ്ഞൻ മണ്ണൂർ എം.പി.രാജകുമാരനുണ്ണി അർഹനായി.
* തൃശൂർ വൈ.ഡബ്ലിയു.സി.എ ചെമ്പൂക്കാവ് ഓഫീസ് അങ്കണത്തിൽ ജീവകാരുണ്യ ഫണ്ട് ശേഖരണാർത്ഥം പ്രദർശനം നടത്തുന്നു. വിവിധ ഉൽപ്പന്നങ്ങളുടെ പ്രദർശനം 28, 29 തിയ്യതികളിലാണ് നടക്കുക.
* വയനാട് , ചേലക്കര, പാലക്കാട് ഉപതെരഞ്ഞെടുപ്പുകളിൽ വാടകക്കെടുത്ത സ്വകാര്യ ബസുകൾക്ക് കൃത്യമായ വേതനം അനുവദിക്കണമെന്ന് തൃശൂർ ഡിസ്ട്രിക്ട് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ അധികാരികളോട് ആവശ്യപ്പെട്ടു.
* തണലാണ് കുടുംബ കാമ്പയിൻ നടത്തുമെന്ന് ജമാഅത്തെ ഇസ്ലാമി ഹിന്ദ് കേരള ഭാരവാഹികൾ അറിയിച്ചു.
* നെന്മണിക്കര പഞ്ചായത്ത് കലാ കായിക മേള തുടങ്ങി. 3ന് സമാപിക്കും
* ചേർപ്പ് പാട്ടുകൂട്ടം ഒന്നാം വാർഷികം ആഘോഷിക്കുന്നു. മുല്ലനേഴി സ്മാരക ഗാന രചന അവാർഡ് സമർപ്പണവും നടക്കും. ഡിസംബർ 1ന് വൈകീട്ട് കോമ്രേഡ് അങ്കണത്തിലാണ് പരിപാടികൾ
* ചിയ്യാരം ചേതനയുടെ ആഭിമുഖ്യത്തിൽ ഓഡിയോ എക്സിബിഷ്യൻ നടത്തും. 30 ന് തൃശൂർ ഓൾസെയിന്റ് സ് ഹാളിലാണ് പ്രദർശനം. പ്രമുഖ കമ്പനികൾ പങ്കെടുക്കും.
* ട്രിച്ചൂർ ഒബ്സ്റ്റടിക് - ഗൈനക്കോളജിക്കൽ സൊസൈറ്റിയുടെ വാക്കത്തോൺ സ്വരാജ് റൗണ്ടിൽ നടന്നു. കാൻസർ പ്രതിരോധ ബോധവൽക്കരണ ഭാഗമാണ് പരിപാടി.
* കെ സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെ യുവജന ദിനാഘോഷം ഒന്നാം തീയതി വിപുല പരിപാടി കളോടെ, നടത്തും -ലൂർദ് പള്ളി ഹാളിലാണ് സമ്മേളനം
* കേരള ഗസറ്റഡ് ഓഫീസേഴ്സ് ഫെഡറേഷൻ സംസ്ഥാന തല കായിക മേള ഒന്നിന് തൃശൂരിൽ നടക്കും. പെരിങ്ങണ്ടൂർ സ്പോർട്സ് അക്കാദമിയാണ് മുഖ്യ വേദി.

ആം ആദ്മി പാർട്ടിയുടെ 13-ാം സ്ഥാപക ദിനവും 75-ാമത് ഭരണഘടന സ്ഥാപക ദിനവും ആഘോഷിച്ചു

തൃശൂർ: ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ പാർട്ടി പതാക ഉയർത്തുകയും മധുരം നൽകുകയും, തുടർന്ന് ആം ആദ്മി പാർട്ടിയുടെ സ്ഥാപക ദിന സന്ദേശയാത്രയും നടത്തി.

ഒല്ലൂർ ഫൊറോന പള്ളിയുടെ മുൻപിൽ നിന്നും ആരംഭിച്ച ബൈക്ക് റാലി ജില്ലാ പ്രസിഡണ്ട് റാഫേൽ ടോണി ഫ്ളാഗ് ഓഫ് ചെയ്തു.

തൃശ്ശൂർ കോർപ്പറേഷന്റെ വിവിധ ഭാഗങ്ങളിലൂടെ സഞ്ചരിച്ച് വൈകിട്ട് 7 മണിക്ക് കുരിയച്ചിറയിൽ വച്ച് സമാപിച്ചു. സമാപന സമ്മേളനത്തിൽ ജിജോ ജേക്കബ് , ജോസഫ് ജോർജ്, ബിന്നി പൊന്തേക്കൻ, ജോൺസൺ ഐനിക്കൽ, ആന്റണി തട്ടിൽ എന്നിവർ സംസാരിച്ചു.

യുവ ഉത്സവ് മത്സരങ്ങൾ മാറ്റി വെച്ചു

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ നവംബർ 30 ന് നടത്തുമെന്നറിയിച്ച യുവ ഉത്സവ് 2024 മാറ്റിവെച്ചു.

പുതുക്കിയ തീയതികളും ഷെഡ്യൂളുകളും അന്തിമമായിക്കഴിഞ്ഞാൽ പുതുക്കിയ സമയക്രമം ഔദ്യോഗികമായി അറിയിക്കുന്നതാണെന്ന് ജില്ലാ യൂത്ത് ഓഫീസർ അറിയിച്ചു.

ദേശീയ യുവജനോത്സവം; യുവ പ്രതിഭകൾക്ക് അവസരം

തൃശൂർ: നാഷണൽ യൂത്ത് ഫെസ്റ്റിവൽ 2025 ന്റെ ഭാഗമായി ജനുവരി 11, 12 തീയ്യതികളിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന 'വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗ്' ൽ പങ്കെടുക്കാൻ യുവ പ്രതിഭകൾക്ക് അവസരം. പരിപാടിയിൽ പങ്കെടുത്ത് പ്രധാനമന്ത്രിയുമായി സംവദിക്കാൻ 15 നും 29 നുമിടയിൽ പ്രായമുള്ള യുവതീ യുവാക്കൾക്കാണ് അവസരം. ഡിസംബർ അഞ്ചുവരെ മേരാ യുവ ഭാരത് (മൈ ഭാരത്) പ്ലാറ്റ്ഫോമിൽ (https://mybharat.gov.in) അവതരിപ്പിക്കുന്ന ഡിജിറ്റൽ ക്വിസിൽ പങ്കെടുത്ത് തുടർഘട്ടങ്ങളിലേക്കു യോഗ്യത നേടാവുന്നതാണെന്ന് ജില്ലാ യൂത്ത് ഓഫീസർ അറിയിച്ചു.

കുളത്തിൽ വീണ് മരിച്ചു

പുതുക്കാട്: പാഴായി സ്വദേശി കാഞ്ഞിരത്തിങ്കൽ അമ്മിണി (76) കുളത്തിൽ വീണ് മരിച്ചു.

ഹൃദയാഘാതം മൂലം മരിച്ചു

പുതുക്കാട്: കാഞ്ഞൂര് സ്വദേശി പയ്യപ്പിള്ളി ആന്റണി (74) ഹൃദയാഘാതം മൂലം മരിച്ചു.

ശ്വാസകോശ ആരോഗ്യം ഊന്നിപ്പറഞ്ഞ് ആരോഗ്യ വിദഗ്ധർ

കോഴിക്കോട് :ശ്വാസകോശത്തെ അറിയുക എന്ന പ്രമേയത്തിലൂന്നി ഈ വർഷത്തെ ലോക സിഒപിഡി ദിനം. ഇന്ത്യയിൽ ഏകദേശം 55 ലക്ഷം പേരെ ബാധിക്കുന്ന ഈ രോഗം രാജ്യത്തെ രണ്ടാമത്തെ വലിയ മരണ കാരണമാണെന്ന് ഗ്ലോബൽ ബർഡൻ ഓഫ് ഡിസീസ് സ്റ്റഡി ചൂണ്ടിക്കാട്ടുന്നു.

സിഒപിഡി പോലുള്ള രോഗങ്ങൾ നിയന്ത്രിക്കാനും സങ്കീർണതകൾ തടയാനും നേരത്തെയുള്ള രോഗനിർണയവും ചികിത്സയും അത്യന്താപേക്ഷിതമാണെന്ന് ചെസ്റ്റ് ആൻഡ് അല്ലെർജി സ്പെഷ്യലിസ്റ്റ് ഡോ. സുധീർ കുമാർ പറഞ്ഞു 'സ്പൈറോമെട്രി പോലുള്ള രോഗനിർണയ രീതികൾ വളരെ കാര്യക്ഷമമാണ്. പലപ്പോഴും ജലദോഷമായും പുകവലിയുടെ ഭാഗമായ ചുമയായും സിഒപിഡിയുടെ ലക്ഷണങ്ങളെ ആളുകൾ തള്ളിക്കളയുന്നു. ഇത് സംഭവിക്കാതിരിക്കാൻ ആളുകൾക്ക് ഇതേക്കുറിച്ച് അവബോധമുണ്ടായിരിക്കേണ്ടതുണ്ട്.

സിഒപിഡി മാനേജ്മെന്റിന്റെ ലക്ഷ്യം രോഗത്തിന്റെ പുരോഗതി മന്ദഗതിയിലാക്കുകയും ശ്വാസകോശ ബലക്ഷയം കുറയ്ക്കുകയും ചെയ്യുക എന്നതാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു

24 കേരള ബറ്റാലിയൻ എൻ.സി.സി തൃശ്ശൂർ നഗരത്തിൽ നടത്തിയ ശുചികരണ പ്രവർത്തനങ്ങളിൽ പങ്കാളികളായ കേഡറ്റുകൾ മേയർ എം.കെ വർഗ്ഗീസ്, ലഫ്റ്റനന്റ് കേണൽ എം.ടി. ബ്രിജേഷ് മേജർ പി.ജെ. സ്റ്റൈജു എന്നിവർ ക്കൊപ്പം

20-ാം വാർഷികത്തോടനുബന്ധിച്ച് ഒരു കോടി രൂപയുടെ 20 പദ്ധതികൾ പ്രഖ്യാപിച്ച് ജെസിഐ

ഇരിങ്ങാലക്കുട : ഇരുപതാം വാർഷികത്തോടനുബന്ധിച്ച് ഒരു കോടി രൂപയുടെ ഇരുപത് പദ്ധതികൾ പ്രഖ്യാപിച്ച് ജെസിഐ ഇരിങ്ങാലക്കുട യൂണിറ്റ്. തിരുവനന്തപുരം ആർസിസി യിലേക്ക് വീൽ ചെയർ വിതരണം, സിവിൽ സർവീസ് പരിശീലനത്തിന് സ്കൂൾ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്, അവയവദാനക്യാമ്പ്,വനിത പോലീസ് സ്റ്റേഷനിൽ കുട്ടികളുടെ പാർക്ക് നവീകരണം, നിർധനരായ ഇരുപത് കുടുംബങ്ങൾക്ക് മരുന്ന് വിതരണം, അഖില കേരള ടാന്റി-ടാന്റി ക്രിക്കറ്റ് ടൂർണ്ണമെന്റ്, അന്നദാനം തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് പ്രസിഡണ്ട് ഡിബിൻ അമ്പൂക്കൻ, സെക്രട്ടറി ഷിജു കണ്ടംകുളത്തി എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു. ഡിസംബർ 21 ന് അയ്യങ്കാവ് മൈതാനിയിൽ നടക്കുന്ന ചടങ്ങിൽ പദ്ധതികളുടെ ഉദ്ഘാടനം ഗോവ ഗവർണ്ണർ അഡ്വ പി എസ് ശ്രീധരൻപിള്ള നിർവഹിക്കും.

പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും കുടുംബസംഗമവും നവംബർ 30 ന് വൈകീട്ട് 7 മണിക്ക് എസ് എൻ ക്ലബ് ഹാളിൽ നടക്കും. അഞ്ഞൂറോളം പേർ പങ്കെടുക്കുന്ന പരിപാടി ജെസിഐ നാഷണൽ പ്രസിഡണ്ട് അഡ്വ രാകേഷ് ശർമ്മ ഉദ്ഘാടനം ചെയ്യും. ട്രഷറർ സോണി സേവ്യർ, പോഗ്രാം ഡയറക്ടർ ഷിജു പെരേപ്പാടൻ, നിസാർ അഷ്റഫ്, മുൻ പ്രസിഡണ്ട് ടെൽസൻ കോട്ടോളി എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

ഹരിതസഭ ഉദ്ഘാടനം ചെയ്തു

പുതുക്കാട്:മാലിന്യ മുക്ത നവകേരളത്തിനായ് ജനകീയ ക്യാമ്പയിന്റെ ഭാഗമായി പുതുക്കാട് ഗ്രാമ പഞ്ചായത്ത് നടത്തിയ കുട്ടികളുടെ ഹരിതസഭ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എം ബാബുരാജ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഷൈനി ജോജു അദ്ധ്യക്ഷയായിരുന്നു. ഗ്രാമ പഞ്ചായത്തംഗങ്ങളായ ഷാജു കാളിയേങ്കര, ആൻസിജോബി, സുമ ഷാജു, പ്രീതി ബാലകൃഷ്ണൻ, ഹിമ ദാസൻ സെക്രട്ടറി ഉമ ഉണ്ണികൃഷ്ണൻ അസി. സെക്രട്ടറി എം എ അനൂപ് കുടുംബശ്രീ ചെയർ പേഴ്സൺ അമ്പിളി ഹരി, കെ ജി ഗീതു പ്രിയ, ഹർഷ ലോഹിതാക്ഷൻ എന്നിവർ പ്രസംഗിച്ചു. മാലിന്യ സംസ്കരണത്തിൽ വിവിധ പ്രബന്ധങ്ങൾ വിദ്യാർത്ഥികൾ അവതരിപ്പിച്ചു. ശുചിത്വ പ്രതിജ്ഞ എടുത്തു.

എൻ.സി.സി കേഡറ്റുകൾ സമൂഹ നന്മയുടെ വക്താക്കൾ ആകണം: മേയർ

തൃശ്ശൂർ: 24 കേരള ബറ്റാലിയൻ എൻ സി സി തൃശ്ശൂർ ജില്ലയിൽ എൻ സി സി ദിന വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സെമിനാർ തൃശ്ശൂർ ആകാശപാതക്ക് സമീപം ഉദ്ഘാടനം ചെയ്തുകൊണ്ട് മേയർ എം കെ വർഗീസ് അഭിപ്രായപ്പെട്ടു.

വിദ്യാർത്ഥികൾ ആയിരിക്കുമ്പോൾ തന്നെ സമൂഹം നന്മ ലക്ഷ്യം വെച്ച് നടത്തുന്ന പ്രവർത്തനങ്ങൾ ഭാവി ജീവിതത്തിൽ വലിയ മുതൽക്കൂട്ടാകുമെന്നും മേയർ കൂട്ടി ചേർത്തു. 24 കേരള ബറ്റാലിയൻ ഓഫീസർ കമ്മാന്റിംഗ് ലഫ്റ്റനന്റ് കേണൽ എം.ടി ബ്രിജേഷ് അധ്യക്ഷത വഹിച്ചു. മേജർ പി.ജെ. സ്റ്റൈജു പദ്ധതി വിശദീകരണം നടത്തി. ക്യാപ്റ്റൻ ശരത്ചന്ദ്രൻ, സുബേദാർ മേജർ ബിജോയ് റായ് രാജൻ എം.കെ ഡോക്ടർ വിനു എന്നിവർ പ്രസംഗിച്ചു. അമല മെഡിക്കൽ കോളേജിന്റെ നേതൃത്വത്തിലാണ് രക്തദാന ക്യാമ്പ് നടന്നത്.

കേരളവർമ്മ കോളേജിലെ എൻസിസി കേഡറ്റുകൾ നേതൃത്വം കൊടുത്ത ഫ്ലാഷ് മോബ് ശ്രദ്ധേയമായി. ലഹരി, സ്ത്രീധനം കലാലയ രാഷ്ട്രീയം തുടങ്ങിയ വിവിധ വിഷയങ്ങൾ അധികരിച്ചായിരുന്നു ഫ്ളാഷ് മോബ് സംഘടിപ്പിച്ചത്. കേഡറ്റുകളായ ഗോവിന്ദ് കെ കെ ആദിത്യൻ എം.എസ്, സഹദ് സുധിൻ എന്നിവർ നേതൃത്വം നൽകി. ജില്ലയിലെ 13 വിദ്യാലയങ്ങളിലെ കേഡറ്റുകൾ തൃശ്ശൂർ നഗരത്തിലെ ദിശ ബോർഡുകളും വൃത്തിയാക്കി ക്യാപ്റ്റൻ മാരായ രാജേഷ് കെ ആർ ജെയ്സൺ ജെയ്ക്കബ് ലഫ്റ്റനന്റ് അനുപ് ചന്ദ്രൻ, പ്രവീൺരാമൻ, നിഖിൽ, ഷിജി പൗലോസ് എന്നിവരുടെ നേതൃത്വതിലുള്ള കമ്മറ്റികൾ പരിപാടികൾക്ക് നേതൃത്വം നല്കി.

കോടതി പരസ്യം

ബഹു. വടക്കാഞ്ചേരി മുൻസിഫ് കോടതി മുമ്പാകെ

OS: 599/2017

IA: 6/2024, IA: 7/2024

തൃശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, കുറുമല വില്ലേജ്, ദേശത്ത്, കരുവാൻ നാരായണൻ ഭാര്യ 68 വയസ് ജാനകി

-ഹരജിക്കാരി/ അന്യായക്കാരി

തൃശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, കുറുമല വില്ലേജ്, ദേശത്ത്, കുറുപ്പത്ത് സുഭദ്ര അമ്മ മകൾ, ഉദ്ദേശം 45 വയസ് ഭാരതി

-എതൃകക്ഷി/പ്രതി

മേൽ നമ്പർ കേസിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കല്പന കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിന് ഉത്തരവായി മേൽ നമ്പർ കേസ് 09-12-2024 തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും അന്നേദിവസം രാവിലെ 11 മണിക്ക് നിങ്ങൾ നേരിട്ടോ അഡ്വക്കെറ്റ് മുഖേനയോ ഹാജരാകേണ്ടതും ടി കേസിൽ ആക്ഷേപങ്ങൾ ബോധിപ്പിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

എന്ന്, 22-11-2024

ഹരജിഭാഗം അഡ്വക്കെറ്റ്

പി പി ബെന്നി

(ഒപ്പ്)

ലഹരിക്കെതിരെ സന്ദേശവുമായി പെയിൻറിങ്ങ്

പുല്ലൂർ : ലഹരിക്ക് എതിരേയുള്ള സന്ദേശവുമായി അവിട്ടത്തൂർ എൽ.ബി. എസ്. എം. ഹയർ സെക്കണ്ടി സ്കൂളിലെ സ്കൗട്ട് വിദ്യാർത്ഥികൾ പൊതുമ്പും ചിറ ഭാഗത്ത് നടത്തിയ പെയിൻറിങ്ങ് സ്കൂൾ മാനേജ്മെന്റ് കമ്മറ്റിയംഗം എ.സി. സുരേഷ് ഉദ്ഘാടനം ചെയ്തു. സൗക്ട് ക്യാപ്റ്റൻ പി.എൽ. ബിബി അധ്യക്ഷത വഹിച്ചു.

ഗവ. നഴ്സിങ് കോളേജിൽ സ്പോട്ട് അഡ്മിഷൻ നാളെ

തൃശൂർ: 2024-2025 അധ്യയന വർഷത്തിൽ മുങ്കുന്നത്തു കാവിലുള്ള ഗവ. നഴ്സിംഗ് കോളേജിൽ എം.എസ്.സി. നഴ്സിംഗ് കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് നവംബർ 30 ന് രാവിലെ 10.30 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. നിലവിൽ മെന്റൽ ഹെൽത്ത് നഴ്സിങ്ങിൽ ഒരു ഒഴിവാണുള്ളത്. സ്പോട്ട് അലോട്ട്മെന്റിൽ മറ്റ് സ്ഥാപനങ്ങളിലേക്ക് വിദ്യാർത്ഥികൾ മാറുന്ന ഒഴിവുകളിലേക്കും പ്രവേശനം നൽകും. പ്രവേശന പരീക്